


# ത്രീ വേ കോർഡിംഗ് ഫൂട്ട്

**ഈ പരിശീലന പാഠത്തിൽ നിങ്ങൾ ഉഷാ ജനോമി ത്രീ വേ കോർഡിംഗ് ഫൂട്ട് ഉപയോഗിക്കുവാൻ പഠിക്കും.**









അതിന്റെ പേരു പോലെ തന്നെ... ഈ ഫൂട്ട് നിങ്ങളെ മൂന്ന് നേർത്ത കോർഡുകൾക്ക് മേൽ ഒരേ സമയം തയ്ക്കാൻ സഹായിക്കുന്നു... ഒന്നുകിൽ സ്ട്രെയിറ്റ് ലൈനിൽ... അല്ലെങ്കിൽ ഏതെങ്കിലും സങ്കീർണ്ണമായ ഡെക്കൊറേറ്റീവ് ഡിസൈനുകളിൽ...

ആദ്യം ഈ പരിശീലനപാഠത്തിനായി ആവശ്യമായ സാമഗ്രികൾ എടുക്കാം... അതെ... നിങ്ങൾക്ക് ഉഷാ ജനോമി കോർഡിംഗ് ഫൂട്ട് വേണം... കോർഡുകൾ ഒരേ നിറത്തിലുള്ളതോ പല നിറത്തിലുള്ളതോ ആകാം... തയ്ക്കാനുള്ള നൂലുകൾ... ഇതും ഒരേ നിറത്തിലുള്ളത് ആകാം... അല്ലെങ്കിൽ കോൺട്രാസ്റ്റ് ദൃശ്യമാക്കാം.. അവസാനത്തേതും അത്യന്താപേക്ഷിതവുമായത്... ഒരു പീസ് തുണി... നിങ്ങളുടെ ആദ്യത്തെ റൗണ്ട് കോർഡിംഗ് ചെയ്യാനായിട്ടാണിത്...

തുണിയുടെ നീളത്തിന്റെ നാലു മടങ്ങ് കോർഡ് അളന്ന് എടുത്ത് മുറിക്കുക... ഇത് തന്നെ മറ്റ് രണ്ട് കോർഡുകളിലും ആവർത്തിക്കുക... ഇവിടെ രണ്ട് മഞ്ഞ കോർഡുകളും ഒരു പച്ച കോർഡുമാണ് ഈ പരിശീലന പാഠത്തിനായി ഉപയോഗിക്കുന്നത് എന്ന് നിങ്ങൾക്ക് കാണാം... എന്നാൽ... ത്രീ വേ കോർഡിംഗ് ഫൂട്ട് ഉപയോഗിക്കാനായി നിങ്ങൾക്ക് എപ്പോഴും മൂന്ന് കോർഡുകൾ വേണമെന്നില്ല... നിങ്ങളുടെ ആവശ്യാനുസരണം നിങ്ങൾക്ക് ഒന്നോ രണ്ടോ മൂന്നോ കോർഡുകൾ... ഒരേ സമയം ഉപയോഗിക്കുവാനാകും... സാധാരണ പ്രസ്സർ ഫൂട്ട് ലീവർ ഉപയോഗിച്ച് മാറ്റി... ത്രീ വേ കോർഡിംഗ് ഫൂട്ട് ഇടുക...



ഞാൻ ചെയ്യുന്നതു പോലെ ആദ്യത്തെ കോർഡ് ക്ലിപ്പിനു താഴേക്കൂടി എടുത്ത്... ആദ്യത്തെ ഗ്രൂവിനുള്ളിലേയ്ക്ക് കടത്തുക... ഗ്രൂവിനുള്ളിലേയ്ക്ക് കടക്കാനായി നിങ്ങൾ ഇത് ചെറുതായി ഒന്ന് വലിക്കേണ്ടി വരും... രണ്ടാമത്തേയും മൂന്നാമത്തേയും കോർഡുകൾ യഥാക്രമം രണ്ടാമത്തേയും മൂന്നാമത്തേയും ഗ്രൂവുകളിൽ കടത്താനായി ഇത് ആവർത്തിക്കുക... എല്ലാ കോർഡുകൾക്കും ഒരേ പോലുള്ള നീളമാണ്... എന്ന് ഉറപ്പാക്കുക... ഏതാനും ഇഞ്ചുകൾ ഫൂട്ടിനു പിന്നിലായി... ഇതു പോലെ...

ഫൂട്ട് ഉപയോഗത്തിനായി ഇപ്പോൾ റെഡിയായി കഴിഞ്ഞു... തയ്ക്കുന്നതിനു മുമ്പായി മെഷീൻ സെറ്റ് ചെയ്യുക... ഡി സ്റ്റിച്ച്, പാറ്റേൺ സിലെക്ടർ ഡയലിൽ തിരഞ്ഞെടുക്കുക... സ്റ്റിച്ച് ലെങ്ത് ട്ടു തിരഞ്ഞെടുക്കുക...

തുണിയുടെ പീസ് കോർഡിംഗ് ഫൂട്ടിന്റെ താഴെ വച്ച് ഫൂട്ട് താഴ്ത്തുക... തയ്ക്കാൻ ധൃതിയായി, അല്ലേ... തയ്ക്കാനുള്ള സമയമായി... നിങ്ങൾ മറുവശം എത്തുമ്പോൾ... കുറച്ച് കോർഡ് അധികമിട്ടിട്ട് ബാക്കി മുറിച്ച് മാറ്റുക... ഇതായിരുന്നു ബേസിക്ക് കോർഡിംഗ്... നിങ്ങൾക്ക് ഇനി വിവിധ തരം സ്റ്റിച്ചുകൾ ഉപയോഗിച്ച് നിങ്ങളുടെ കോർഡിംഗ് പാറ്റേൺ കൂടുതൽ ആകർഷകമാക്കുന്നത് എങ്ങനെയെന്ന് നോക്കാം... നമുക്ക് മറ്റൊരെണ്ണം നോക്കാം...

ഡയൽ, സ്ട്രെച്ച് സ്റ്റിച്ച് അഥവാ എസ്സ് എസ്സ് മാർക്കിംഗിലേയ്ക്ക് തിരിക്കുക... സ്റ്റിച്ച് ഡി തിരഞ്ഞെടുക്കുക... നിങ്ങളുടെ തുണി ഫൂട്ടിനു താഴെ വച്ച് മുമ്പ് തയ്ച്ചതു പോലെ തയ്ച്ചു തുടങ്ങുക... പക്ഷേ, ഇപ്പോൾ മറ്റൊരു സ്റ്റിച്ചാണെന്ന് മാത്രം... പൂർത്തിയാകുമ്പോൾ... കോർഡിന്റെ അധികമായുള്ള ഭാഗം മുറിച്ച് മാറ്റുക...

കോർഡിംഗ് മനോഹരമായ ത്രിമാന ഡിസൈൻ എലമെന്റുകൾ തരുന്നു... എന്തിനും... നാപ്കിനുകൾക്കും കുഷൻ കവറുകൾക്കും വസ്ത്രങ്ങൾക്കും എല്ലാം... ഇത് ടെക്സ്ച്ചേർഡ് ഇഫക്റ്റ് തരുന്നു... ശരിയായ രീതിയിലാണെങ്കിൽ അതിമനോഹരമായിരിക്കും ഇത്... നിങ്ങൾക്ക് ഈ പരിശീലനപാഠം ഇഷ്ടമായി എന്ന് കരുതുന്നു... ഇനി നിങ്ങളുടെ പക്കലുള്ള എല്ലാ പ്ലെയിൻ തുണികളും എടുത്തോളൂ... അവയെ അലങ്കരിക്കൂ... നിങ്ങൾ ഒറ്റ നിറമുള്ള വസ്ത്രങ്ങൾ ഇഷ്ടപ്പെടുന്നു എങ്കിൽ അതേ നിറത്തിലുള്ള കോർഡുകൾ കൊണ്ട് അലങ്കരിക്കുന്നതിനേക്കാൾ മനോഹരമായി മറ്റൊന്നുമില്ല... അത് അഴകിന്റെ മൂർത്തിമദ്ഭാവമാണ്... ഹൃദയം കൊണ്ട് ബൊഹീമിയനായിട്ടുള്ളവർ... ആ മനോഹരമായ വർണ്ണങ്ങളും വർണ്ണഭേദങ്ങളും തിരഞ്ഞെടുത്ത് നിങ്ങളുടേതായ സ്റ്റേറ്റ്മെന്റ് എൻസെമ്പിൾ സൃഷ്ടിക്കൂ...